ട്ടുണ്ട്. മേൽ തടയണ കേരള അതിർത്തിക്കുള്ളിലാണോ എന്നു കണ്ടെത്തുന്നതിന് വനം, ജലസേചന, സർവ്വേ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ കർമ്മസമിതി രൂപീകരിച്ച് തമിഴ്നാടുമായി ചേർന്ന് പരിശോധന നടത്താൻ നടപടി എടുത്തുവരുന്നു.

മലമ്പുഴ ഡാമിലേക്ക് ലഭിക്കേണ്ടിയിരുന്ന ജലസ്രോതസ്സുകൾ തമിഴ്നാട് സർക്കാർ തിരിച്ചുവിട്ട നടപടി

47 [204] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലമ്പുഴ ഡാമുമായി ബന്ധപ്പെട്ട് മലമ്പുഴ ഡാമിലേക്ക് ലഭിക്കേണ്ടിയിരുന്ന ജലസ്രോതസ്സുകൾ തമിഴ്നാട് സർക്കാർ തിരിച്ചുവിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിലൂടെ എത്ര ഘന മീറ്റർ അടിയുടെ കുറവാണ് 2002, 2003, 2004 വർഷങ്ങളിൽ മലമ്പുഴ ഡാമിൽ ഉണ്ടായിട്ടുള്ളത്;

(സി) പ്രസ്തുത പ്രവൃത്തിയിലൂടെ മലമ്പുഴ ഡാമിന്റെ ആയക്കെട്ട് പ്രദേശത്ത് രണ്ടാം വിളയ്ക്ക് ആവശ്യമായ വെള്ളം ലഭിച്ചിട്ടില്ല എന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുകാരണം എത്ര ഹെക്ടർ ഭൂമിയിലാണ് കൃഷിനാശം സംഭവിച്ചിട്ടുള്ളത്; കൃഷിനാശം സംഭവിച്ച കർഷകർക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നല്കിയിട്ടുണ്ടോ; വിശദവിവരം നല്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തമിഴ്നാട് തിരിച്ചുവിടുന്ന ജലത്തിന്റെ അളവ് കൃത്യമായി കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ വെള്ളത്തിന്റെ അളവിൽ കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തമിഴ്നാട് വെള്ളം തിരിച്ചുവിട്ടതുകൊണ്ട് മാത്രമായിരിക്കുകയില്ല. മഴയുടെ കുറവു കൂടിയാണ് മുഖ്യകാരണം.

(സി) ഉണ്ട്. മലമ്പുഴയിൽനിന്നും വെള്ളം കിട്ടാത്തതുകൊണ്ട് 19835 ഹെക്ടർ സ്ഥലത്തെ നെൽകൃഷി ഉണങ്ങി നശിച്ചുപോയിട്ടുണ്ട്. കൃഷിനാശം സംഭവിച്ച കർഷകർക്ക് സർക്കാർ പ്രഖ്യാപിച്ച അഞ്ചു കോടി രൂപയിൽ...നും അർഹമായ നഷ്ട പരിഹാരം നല്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly